# പതിമൂന്നാം കേരളനിയമസഭ
# പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2566** **27/01/2014-ൽ മറുപടിക്ക്**

## കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികളുടെ പ്രവർത്തനം

**ചോദ്യം**

ശ്രീ. എം. ചന്ദ്രൻ
" കെ. കെ. നാരായണൻ
" പുരുഷൻ കടലുണ്ടി
" എസ്. രാജേന്ദ്രൻ

**മറുപടി**

ശ്രീ. വി. എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും
ദേവസ്വവും വകുപ്പ് മന്ത്രി)

---

| | | | |
|---|---|---|---|
| (എ) | കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികളുടെ പ്രവർത്തനം വ്യാപിപ്പിക്കാനുള്ള തടസ്സങ്ങളെന്തൊക്കെയാണെന്ന് അറിയിക്കാമോ ; | (എ) | കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികളുടെ പ്രവർത്തനം വ്യാപിപ്പിക്കുന്നതിന് പ്രത്യേകിച്ച് തടസ്സങ്ങൾ ഒന്നും തന്നെയില്ല. ഇക്കാര്യം പരിശോധിച്ച് തീരുമാനിക്കുന്നതാണ്. |
| (ബി) | എത്ര കാരുണ്യ ഫാർമസികൾ തുടങ്ങാനാണ് പദ്ധതിയിട്ടിരുന്നത് ; നിലവിൽ എത്രയെണ്ണം പ്രവർത്തിക്കുന്നുണ്ട് ; | (ബി) | സംസ്ഥാനത്തുടനീളം 35 കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ ആരംഭിക്കാനാണ് പദ്ധതിയിട്ടിരിക്കുന്നത്. നിലവിൽ 16 കാരുണ്യ ഫാർമസികൾ പ്രവർത്തിച്ചുവരുന്നു. |
| (സി) | ഇത്തരം ഫാർമസികളിൽ ജീവൻ രക്ഷാ ഔഷധങ്ങൾ ലഭ്യമാകുന്നില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതു പരിഹരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;വിശദാംശം നൽകാമോ ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | പ്രസ്തുത പദ്ധതിയ്ക്കായി സർക്കാർ എത്ര തുക ഇതുവരെ ചിലവഴിച്ചെന്ന് അറിയിക്കാമോ ? | (ഡി) | കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികളുടെ പ്രാരംഭ പ്രവർത്തന ചിലവുകൾക്കായി സർക്കാർ 23,60,00,000 രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ